## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.383 28.11.2018 ൽ മറുപടിയ്ക്ക്

## ചാത്തന്നൂരിൽ മാവേലി സ്റ്റോർ

ചോദ്യം
ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമ പഞ്ചായത്തിലെ പുത്തൻകുളം എന്ന സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളിലെ പുരോഗതി അറിയിക്കാമോ; | (എ) യും (ബി) യും (സി) യും | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. പൂതക്കുളം ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോറാണ് പുത്തൻകുളത്ത് ആരംഭിക്കേണ്ടത്. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കാലയളവിലേയ്ക്കുള്ള വാടക രഹിത കെട്ടിടം ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഔട്ട് ലെറ്റിൽ പ്രതിമാസം 42,545/- രൂപയുടെ നഷ്ടമാണ് കാണുന്നത്. ആയതിനാൽ നഷ്ട സാധ്യത ഒഴിവാക്കുവാൻ നോൺ മാവേലി, ശബരി സാധനങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കൂടി വ്യക്തമാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | | |
| (സി) | മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അവശേഷിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | |
| (ഡി) | കാലതാമസം ഒഴിവാക്കി പ്രസ്തുത മാവേലി സ്റ്റോർ ഉടൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | വാടക രഹിത കെട്ടിടം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ